# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2634

12.02.2019-ൽ മറുപടിയ്ക്ക്.

## വന്യജീവി ആക്രമണങ്ങൾ പ്രതിരോധിക്കുവാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.അനൂപ് ജേക്കബ്<br>ശ്രീ.സണ്ണി ജോസഫ് | അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) വന്യജീവികളുടെ ആക്രമണത്തിൽ നിന്നും സംരക്ഷണത്തിനായി കിഫ്ബിയുടെ ധനസഹായത്തോടെ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് എന്നറിയിക്കാമോ; | (എ) മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി കേരളാ ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെൻറ് ഫണ്ട് ബോർഡ് (KIIFB) ന്റെ ഫണ്ട് ഉപയോഗിച്ച് റെയിൽ ഫെൻസ്, ആന പ്രതിരോധ മതിലുകൾ, സൗരോർജ്ജ വേലി, ക്രാഷ് ഗാർഡ് ഫെൻസിംഗ്, മാറ്റി പാർപ്പിക്കൽ എന്നിവയുള്ള ഒരു പദ്ധതി സർക്കാർ അംഗീകരിച്ച് നടപ്പിലാക്കുന്നു. നൂറ് കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതിയുടെ ഒന്നാം ഘട്ട നടത്തിപ്പിനായി ഇരുപത്തിയഞ്ച് കോടി രൂപ വകയിരുത്തി ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിയിൻ കീഴിൽ 101.50 കി.മീ. സൗരോർജ്ജവേലിയും, 0.41 കി.മീ. ആന പ്രതിരോധ |

മതിലും 16 കി.മീ. റെയിൽ ഫെൻസും നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഈ പ്രോജക്റ്റ് നടത്തിപ്പിനായി സംസ്ഥാന വന വികസന ഏജൻസിയെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ എന്ന നിലയിൽ അംഗീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം, തെൻമല, പുനലൂർ, മണ്ണാർക്കാട്, പാലക്കാട്, നോർത്ത് വയനാട് എന്നീ വനം ഡിവിഷനുകളിൽ ഈ പദ്ധതികൾ നടപ്പാക്കുന്നതിലൂടെ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഈ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 136.70 കി.മീ. സോളാർ ഫെൻസിംഗ്, 42 കി.മീ. ക്രാഷ് ഗാർഡ് ഫെൻസിംഗ്, 0.30 കി.മീ. ആന പ്രതിരോധ മതിൽ എന്നിവ നിർമ്മിക്കുന്നതിനും, 497 കുടുംബങ്ങളെ വന്യജീവി സംഘർഷം രൂക്ഷമായ മേഖലയിൽനിന്നും സുരക്ഷിത ഇടങ്ങളിലേയ്ക്ക് മാറ്റി പാർപ്പിക്കുന്നതിനുമായി 73 കോടി രൂപയുടെ ഭരണാനുമതിയും ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം, തെൻമല, പുനലൂർ, മണ്ണാർക്കാട്, പാലക്കാട്, സൗത്ത് വയനാട്, വയനാട് വൈൽഡ് ലൈഫ്, നിലമ്പൂർ സൗത്ത്, കോഴിക്കോട്, കണ്ണൂർ എന്നീ വനം ഡിവിഷനുകളിലാണ് രണ്ടാം ഘട്ടത്തിൽ പദ്ധതികൾ നടപ്പാക്കുന്നത്.

(ബി) വന്യജീവികൾക്ക് കുടിവെള്ളവും ഭക്ഷണവും കാട്ടിനുള്ളിൽത്തന്നെ ഉറപ്പ് വരുത്തുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) വന്യജീവികൾക്ക് കുടിവെള്ളവും ഭക്ഷണവും കാട്ടിനുള്ളിൽത്തന്നെ ഉറപ്പ് വരുത്തുവാൻ വിവിധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. സംസ്ഥാനത്തെ കാടുകളിലെ ജലസ്രോതസുകൾ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി കാട്ടിനുള്ളിലെ ചെക്ക്ഡാമുകളും 500-ഓളം ജലസ്രോതസുകളും നവീകരിച്ചു. ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ കുളങ്ങൾ നിർമ്മിച്ചു വരുന്നു. വനത്തിനുള്ളിലെ വയലുകൾ സംരക്ഷിക്കുന്നതിനും അതുവഴി മഴക്കാലത്ത് പരമാവധി ജല സംഭരണം ഉറപ്പുവരുത്തി സമീപ പ്രദേശത്തുള്ള നീരുറവകൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഫലമായി വന്യമൃഗങ്ങൾ ഭക്ഷണത്തിനും, വെള്ളത്തിനും വേണ്ടി ജനവാസ മേഖലയിലേയ്ക്കിറങ്ങുന്നത് ഒരു പരിധിവരെ തടയുവാൻ കഴിഞ്ഞിട്ടുണ്ട്.

(സി) ഈ പദ്ധതിക്കായി നബാർഡിൽ നിന്നും എന്ത് ധനസഹായമാണ് ലഭ്യമാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

(സി) നബാർഡിൽനിന്നും ധനസഹായം ലഭിക്കുന്നില്ല.

സെക്ഷൻ ഓഫീസർ